REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- അതിർത്തി കടന്ന ഭീകരവാദം എന്ന പാക്കിസ്ഥാന്റെ നയം ഒരിക്കലും വിജയിക്കില്ലെന്ന് വിദേശകാര്യ മന്ത്രി ഡോ S.ജയശങ്കർ.
- ജമ്മു കശ്മീരിൽ അവസാന ഘട്ട തെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം വൈകിട്ട് അവസാനിക്കും. ശനിയാഴ്ച വോട്ടെടുപ്പ് നടക്കുന്ന ഹരിയാനയിൽ പ്രചാരണം കൂടുതൽ ഊർജ്ജിതമായി.
- പ്രധാനമന്ത്രി നരേന്ദ്ര മോദി ചിന്തകൾ പങ്കുവെയ്ക്കുന്ന 'മൻ കി ബാത്ത്' രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും.
- തമിഴ്നാട് ഉപമുഖ്യമന്ത്രിയായി ഉദയനിധി സ്റ്റാലിൻ വൈകിട്ട് സത്യപ്രതിജ്ഞ ചെയ്യും.
- ഇന്ന് ലോക ഹൃദയ ദിനം.
- ISL ഫുട്ബാളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.

## വാർത്തകൾ വിശദമായി

അതിർത്തി കടന്ന ഭീകരവാദം എന്ന പാക്കിസ്ഥാന്റെ നയം ഒരിക്കലും വിജയിക്കില്ലെന്നും ഇത്തരം നടപടികൾക്ക് പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ പറഞ്ഞു. ന്യൂയോർക്കിൽ യുഎൻ ജനറൽ അസംബ്ലിയുടെ 79-ാമത് സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നുഅദ്ദേഹം. പാകിസ്ഥാൻ അനധികൃതമായി കൈവശപ്പെടുത്തിയ ഇന്ത്യൻ പ്രദേശം വിട്ടുനൽകുന്നതും ദീർഘകാലമായ

തീവ്രവാദ ബന്ധം ഉപേക്ഷിക്കുന്നതുമാണ് ഇരുരാജ്യങ്ങളും തമ്മിൽ പരിഹരിക്കേണ്ട പ്രധാന പ്രശ്നങ്ങളെന്ന് ഡോ. ജയശങ്കർ പറഞ്ഞു.

ലോകത്ത്നിലകൊള്ളുന്ന എല്ലാത്തിനും വിരുദ്ധമാണ് ഭീകരതയെന്നും അതിന്റെ എല്ലാ രൂപങ്ങളെയും പ്രകടനങ്ങളെയും ശക്തമായി എതിർക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ജമ്മു കശ്മീരിൽ മൂന്നാമത്തെയും അവസാനത്തെയും ഘട്ട നിയമസഭാ തെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് വൈകിട്ട് അവസാനിക്കും. കശ്മീർ ഡിവിഷനിലെ 16 ഉം ജമ്മു മേഖലയിലെ 24 ഉം ഉൾപ്പെടെ 40 മണ്ഡലങ്ങളിൽ മറ്റന്നാളാണ് വോട്ടെടുപ്പ്.

അടുത്ത ശനിയാഴ്ച ഒറ്റഘട്ടമായി വോട്ടെടുപ്പ് നടക്കുന്ന ഹരിയാനയിൽ പ്രചാരണം കൂടുതൽ ശക്തമായി. 90 മണ്ഡലങ്ങളിലാണ് ഹരിയാനയിൽ വോട്ടെടുപ്പ്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......(വോയ്സ്)....

ജമ്മു കശ്മീരിലെ ജനങ്ങൾ കുട്ടികൾക്ക് സമാധാനവും നല്ല ഭാവിയും ആഗ്രഹിക്കുന്നുവെന്ന് ജമ്മുവിലും ഹരിയാനയിലും പൊതു റാലികളെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്ര മോദി പറഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പിന്റെ അവസാന രണ്ട് ഘട്ടങ്ങളിലെ വൻ വോട്ടിംഗ് ഇതിന് തെളിവാണെന്നും അദ്ദേഹം പറഞ്ഞു.

ഹരിയാനയിലെ ഹിസാറിൽ ബി.ജെ.പിയുടെ ജൻ ആശിർവാദ് റാലിയിൽ സംസാരിച്ച പ്രധാനമന്ത്രി, കോൺഗ്രസ് അധികാരത്തിലുള്ള ഒരു സംസ്ഥാനത്ത് സ്ഥിരതയുണ്ടാകില്ലെന്നും, തെറ്റായ വാഗ്ദാനങ്ങൾ നൽകി തിരഞ്ഞെടുപ്പിന് ശേഷം അത് ഉപേക്ഷിക്കുന്നതിനാലാണ് ഇതെന്നും പ്രധാനമന്ത്രി കുറ്റപ്പെടുത്തി.

ജമ്മു കശ്മീരിലെ ജനങ്ങൾക്ക് വേണ്ടിയല്ല, പുറത്തുനിന്നുള്ളവർക്കുവേണ്ടിയാണ് ലഫ്റ്റനന്റ് ഗവർണർ പ്രവർത്തിക്കുന്നതെന്ന് ജമ്മുവിലെ ബിഷ്നയിൽ ആദ്യ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്ത് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി ആരോപിച്ചു. ജമ്മു കശ്മീരിൽ നിന്ന് ഖനനം ചെയ്യുന്ന മണൽ പുറത്തേക്ക് അയയ്ക്കുകയാണെന്നും അവർ പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി  രാവിലെ 11 ന്  ആകാശവാണിയിലെ 'മൻ കി ബാത്ത്' പരിപാടിയിൽ  ജനങ്ങളുമായി  ചിന്തകൾ പങ്കുവെക്കും. പ്രതിമാസ റേഡിയോ പരിപാടിയുടെ 114-ാം എപ്പിസോഡാണിത്.

ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും AIR ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും മൻകി ബാത്ത് ലഭിക്കും.

പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണം കഴിഞ്ഞാലുടൻ  മലയാള പരിഭാഷ ആകാശവാണിയുടെ കേരള നിലയങ്ങളിൽ കേൾക്കാം. രാത്രി എട്ടിന് പുനഃപ്രക്ഷേപണമുണ്ടാകും.

✪✪✪

തമിഴ്നാട് ഉപമുഖ്യമന്ത്രിയായി സംസ്ഥാന യുവജനകാര്യ കായിക മന്ത്രി ഉദയനിധി സ്റ്റാലിൻ  വൈകിട്ട് സത്യപ്രതിജ്ഞ ചെയ്യും. സെന്തിൽ ബാലാജി , ഡോ.ഗോവി ചെഴിയൻ, R.രാജേന്ദ്രൻ, S.M.നാസർ എന്നിവരെയും ഇന്ന് സ്റ്റാലിൻ മന്ത്രിസഭയിൽ ഉൾപ്പെടുത്തും.  രാജ്ഭവനിൽ നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ സംസ്ഥാന ഗവർണർ  R.N രവി  മന്ത്രിമാർക്ക് സത്യവാചകം ചൊല്ലിക്കൊടുക്കും.

കള്ളപ്പണം വെളുപ്പിക്കൽ കേസിൽ അറസ്റ്റിലായതിനെ തുടർന്ന് സെന്തിൽ ബാലാജി മന്ത്രിസഭയിൽ നിന്ന് രാജിവെച്ചിരുന്നു. കഴിഞ്ഞ ദിവസമാണ് സുപ്രീം കോടതി അദ്ദേഹത്തിന് ജാമ്യം അനുവദിച്ചത്.

✪✪✪

ഒരു വർഷം കൊണ്ട് KSRTC നാലു ലക്ഷത്തോളം കിലോമീറ്റർ അനാവശ്യമായ ഓട്ടം കുറയ്ക്കുകയും യാത്രക്കാരുടെ എണ്ണം നാലര ലക്ഷം കണ്ട് വർധിപ്പിക്കുകയും ചെയ്തതായി മന്ത്രി K.B ഗണേഷ് കുമാർ പറഞ്ഞു. ഇതുവഴി ഡീസൽ ചെലവ് കുറയ്ക്കാനും ടിക്കറ്റ് കളക്ഷൻ വർധിപ്പിക്കാനും സാധിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.  കോഴിക്കോട് KSRTC ബസ് സ്റ്റേഷനിൽ സംസ്ഥാനത്തെ രണ്ടാമത്തെ ശീതീകരിച്ച വിശ്രമ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

93 KSRTC ഡിപ്പോകളിൽ 78 എണ്ണവും ലാഭത്തിലാവുകയോ നഷ്ടമില്ലാത്ത സ്ഥിതിയിലേക്ക് മാറുകയോ ചെയ്തതായും ഗണേഷ് കുമാർ  പറഞ്ഞു.

✪✪✪

മുണ്ടക്കൈ- ചൂരൽമല ദുരന്തത്തിൽ ആധാരം നഷ്ടപ്പെട്ടവർക്ക്  മന്ത്രി O.R കേളു ഭൂ രേഖകൾ കൈമാറി. വയനാട് കളക്ടറേറ്റിൽ  നടന്ന പരിപാടിയിലാണ്  വിവിധ ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത 145 ആധാരങ്ങളുടെ പകർപ്പ്  സൗജന്യമായി നൽകിയത്.

✪✪✪

കാലാവസ്ഥ വ്യതിയാനംഏറെ നിർണ്ണായകമായ ഇന്നത്തെ കാലഘട്ടത്തിൽ അതുമായി ബന്ധപ്പെട്ട വെല്ലുവിളികളെ  മറികടക്കുന്നതിന് വിവരശേഖരം അനിവാര്യമാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു.

പ്രാചീനവും നൂതനവുമായ അറിവുകളെ കൂട്ടിയോജിപ്പിച്ച് മുന്നോട്ട് പോകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കൊച്ചിയിൽ ജനകീയ സംരംഭമായ പ്രളയ നിരീക്ഷണ മുന്നറിയിപ്പു സംവിധാനത്തിന്റെയും ഡാഷ്ബോർഡിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു സതീശൻ.

✪✪✪

അടുത്ത വർഷത്തെ ഹജ്ജ് അപേക്ഷകരെ തെരഞ്ഞെടുക്കുന്നതിന് നറുക്കെടുപ്പ്  വെള്ളിയാഴ്ച വൈകീട്ട് 3.30 ന് നടത്തുമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. ഹജ്ജിന് അപേക്ഷ  സമർപ്പിക്കാൻ സമയപരിധി നാളെ അവസാനിക്കും.

അപേക്ഷകർ കവർ നമ്പർ ലഭിച്ചു എന്ന് ഉറപ്പുവരുത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

✪✪✪

ഇന്ന് ലോക ഹൃദയ ദിനം.

ഹൃദയം കൊണ്ട് നമുക്ക് പ്രവർത്തിക്കാം എന്നതാണ് ഈ വർഷത്തെ സന്ദേശം.

ഡെസ്ക്ക് റിപ്പോർട്ട്

..........(വോയ്സ്)............

ഹൃദയ സംബന്ധമായ രോഗങ്ങളെ കുറിച്ച  അറിവ്  ജനങ്ങളിലേക്ക് എത്തിക്കുന്നതിനും രോഗലക്ഷണങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിനും ചികിത്സ തേടുന്നതിനും ബോധവത്ക്കരിക്കുന്നതിനും എല്ലാവരും സന്നദ്ധരായി ഇറങ്ങുക എന്നതാണ് ദിനാചരണത്തിന്റെ ഉദ്ദേശ്യം.

എല്ലാ ജില്ലകളിലും കാത്ത് ലാബുകൾ ഉടൻ തന്നെ സജ്ജമാകുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. നിലവിൽ മെഡിക്കൽ കോളേജുകളും ജില്ലാ, ജനറൽ ആശുപത്രികളും ഉൾപ്പെടെ 13 ജില്ലകളിൽ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി ജില്ലയിലും കാത്ത് ലാബ് സജ്ജമാക്കുന്നതോടെ രാജ്യത്ത് ആദ്യമായി എല്ലാ ജില്ലകളിലും കാത്ത് ലാബുള്ള സംസ്ഥാനമായി കേരളം മാറുമെന്നും മന്ത്രി പറഞ്ഞു.

ഹൃദയാരോഗ്യം സംരക്ഷിക്കുക എന്നതാണ് ഏറ്റവും പ്രധാനം. ഹൃദയാരോഗ്യത്തെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രോഗങ്ങളാണ് രക്താതിമർദവും പ്രമേഹവും. ഇവ നിയന്ത്രിക്കുന്നതിനായി സംസ്ഥാന

ആരോഗ്യ വകുപ്പ് ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലൂടെയും നടപ്പിലാക്കി വരുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്തെ ആദ്യ സൂപ്പർകപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം കണ്ണൂർ കല്ല്യാശ്ശേരിയിലെ കെൽട്രോൺ കോംപണൻറ് കോപ്ലക്സിൽ സജ്ജമാകുന്നു. ഒന്നാം ഘട്ടത്തിന്റെ ഉദ്ഘാടനം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.....(വോയ്സ്) ............

✪✪✪

ISL ഫുട്ബാളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. രാത്രി ഏഴരയ്ക്ക് ഗുവാഹത്തിയിലാണ് മത്സരം.

ഇന്നലെ ബംഗളുരുവിൽ, ബംഗളുരു FC മറുപടിയില്ലാത്ത മൂന്ന് ഗോളിന് മോഹൻ ബഗാനെ തോൽപ്പിച്ചു.

മറ്റൊരു മത്സരത്തിൽ ഭുവനേശ്വറിൽ ഒഡീഷ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ജംഷെഡ്പൂരിനെ പരാജയപ്പെടുത്തി.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കണ്ണൂർ വാരിയേഴ്സ്- കാലിക്കറ്റ് FC മത്സരം സമനിലയിൽ പിരിഞ്ഞു. കോഴിക്കോട് നടന്ന മത്സരത്തിൽ ഇരുടീമുകളും ഓരോ ഗോൾ നേടി.

ഇന്നും നാളെയും കളിയില്ല. മറ്റന്നാൾ മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ തൃശൂർ മാജിക് FC , ഫോഴ്സ കൊച്ചിയെ നേരിടും .

✪✪✪

കാൺപൂരിൽ ഇന്ത്യ- ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്നലത്തെ കളി മഴ മൂലം ഉപേക്ഷിച്ചു. ആദ്യ ദിനമായ വെള്ളിയാഴ്ച മഴമൂലം കളിയവസാനിപ്പിക്കുമ്പോൾ ബംഗ്ലാദേശ് മൂന്ന് വിക്കറ്റിന് 107 റൺസ് എന്ന നിലയിലാണ്.

✪✪✪

ബംഗ്ലാദേശിനെതിരായ ട്വന്റി- 20 പരമ്പരയ്ക്ക്  ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. സൂര്യകുമാർ യാദവ് നയിക്കുന്ന ടീമിൽ മലയാളി താരം സഞ്ജു സാംസണെ ഒന്നാം വിക്കറ്റ് കീപ്പറായി ഉൾപ്പെടുത്തി.

അടുത്ത ഞായറാഴ്ച  ഗ്വാളിയറിലാണ് ആദ്യ  മത്സരം.

✪✪✪

SAFF അണ്ടർ 17 ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഫൈനലിൽ നാളെ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഭൂട്ടാനിലെ തിംഫുവിൽ ഇന്നലെ സെമിയിൽ ഇന്ത്യ രണ്ടിനെതിരെ നാല് ഗോളിന്   നേപ്പാളിനെ തോൽപ്പിച്ചു. രണ്ടാം സെമിയിൽ ബംഗ്ലാദേശ് പെനാൽറ്റി ഷൂട്ടൗട്ടിൽ പാക്കിസ്ഥാനെ ഏഴിനെതിരെ എട്ട് ഗോളിന് പരാജയപ്പെടുത്തി.

✪✪✪

തലശ്ശേരിയിൽ   കണ്ണൂർ ജില്ലാ അത്-ലറ്റിക്സ് ചാമ്പ്യൻ ഷിപ്പിൽ  99 പോയിന്റുമായി കണ്ണൂർ അത്-ലറ്റിക് അക്കാദമി മുന്നിലെത്തി.  60 പോയിന്റുമായി  ആലക്കോട് ടി .എം.ടി.സി. സ്പോർട് ഫൗണ്ടേഷൻ രണ്ടാംസ്ഥാനത്തും 21 പോയിന്റുമായി തലശ്ശേരി അത്ലറ്റിക്സ് ക്ലബ് മൂന്നാം സ്ഥാനത്തുമാണ്.

1400-ഓളം കായിക താരങ്ങൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഫുട്ബോൾ അക്കാദമികളുടെ ഉദ്ഘാടനം മന്ത്രി V. അബ്ദു റഹിമാൻ ഇന്ന് നിർവഹിക്കും. കൗൺസിലിന്റെ മലപ്പുറം കോട്ടപ്പടി, മഞ്ചേരി പയ്യനാട്, എടപ്പാൾ, നിലമ്പൂർ, താനൂർ ഉണ്ണ്യാൽ, അരീക്കോട്, പെരിന്തൽമണ്ണ P.T.M ഗവ. കോളേജ് എന്നീ കേന്ദ്രങ്ങളിലാണ് ഫുട്ബോൾ അക്കാദമികൾ ആരംഭിക്കുന്നത്.

ജില്ലയിലെ 700 ഓളം കുട്ടികൾക്ക് പ്രയോജനപ്പെടുന്ന രീതിയിലാണ് സ്പോർട്സ് കൗൺസിൽ ഫുട്ബോൾ പരിശീലനം നൽകുന്നത്.

✪✪✪

കൂത്തുപറമ്പ് വെടിവെപ്പിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയവെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ അന്തരിച്ച  പുഷ്പന്റെ സംസ്കാരം  വൈകിട്ട് അഞ്ചിന് തലശ്ശേരി ചൊക്ലി മേനപ്രത്തെ വീട്ടുപരിസരത്ത് നടത്തും.  1994 നവംബർ 25 ന്  കൂത്തുപറമ്പ് അർബൻ സഹകരണ ബാങ്കിന്റെ ശാഖ ഉദ്ഘാടനം ചെയ്യാനെത്തിയ മന്ത്രി എം.വി.രാഘവനെ സ്വാശ്രയ വിദ്യാഭ്യാസ പ്രശ്നവുമായി ബന്ധപ്പെട്ട് കരിങ്കൊടി കാട്ടുന്നതിനിടെയാണ് പുഷ്പന് വെടിയേറ്റത്.

മൃതദേഹം വിലാപയാത്രയായി രാവിലെ എട്ടിന് കോഴിക്കോട് യൂത്ത് സെന്ററിൽനിന്ന് ചൊക്ലിയിലേക്ക് കൊണ്ടു പോകും. പുഷ്പന്റെ നിര്യാണത്തിൽ അനുശോചിച്ച് രാവിലെ ആറ് മുതൽ കൂത്തുപറമ്പ്, തലശ്ശേരി അസംബ്ലി മണ്ഡലങ്ങളിലും മാഹിയിലും ഹർത്താൽ ആചരിക്കുകയാണ്.

✪✪✪

റഷ്യൻ സൈന്യത്തിനൊപ്പം പ്രവർത്തിച്ചുവരവേ യുക്രൈയിനിൽ ഡ്രോൺ ആക്രമണത്തിൽ കൊല്ലപ്പെട്ട തൃശൂർ ആമ്പല്ലൂർ കല്ലൂർ കാഞ്ഞിൽ വീട്ടിൽ സന്ദീപ് ചന്ദ്രന്റെ മൃതദേഹം ഇന്ന് രാവിലെ വീട്ടിലെത്തിക്കുമെന്ന് നോർക്ക CEO അജിത് കോളശേരി അറിയിച്ചു.

സന്ദീപ് ചന്ദ്രന്റെ ഭൗതികശരീരം നാട്ടിലെത്തിക്കണമെന്നും റഷ്യയിൽ തൊഴിൽ തട്ടിപ്പിനിരയായ മലയാളികളെ തിരികെയെത്തിക്കണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കറിന് കത്തയച്ചിരുന്നു.

✪✪✪

കണ്ണൂരിൽ റോഡിലും പൊതുസ്ഥലങ്ങളിലും അലഞ്ഞുതിരിയുന്ന കന്നുകാലികൾ മൂലം വിദ്യാർഥികൾ ഉൾപ്പെടെ കാൽനടയാത്രക്കാരും വാഹനയാത്രക്കാരും അനുഭവിക്കുന്ന പ്രശ്നം പരിഹരിക്കണമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ജില്ലാ വികസന സമിതി യോഗത്തിൽ നിർദേശം നൽകി. അലഞ്ഞുതിരിയുന്ന കന്നുകാലികളെ പിടികൂടാനായി സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് സ്ക്വാഡുകൾ രൂപീകരിച്ചതായി കോർപറേഷൻ അറിയിച്ചു.

✪✪✪